(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃശ്ശൂർ ജില്ലയിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 2 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

വനിതാ നയവും വികസന പദ്ധതികളും

20 (*230) ശ്രീമതി കെ. കെ. ലതിക :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വനിതാ നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;.

(ബി) വനിതാ നയം നടപ്പാക്കുന്നതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും സംസ്ഥാനത്ത് തുല്യലിംഗപദവിയുള്ള സമൂഹം സൃഷ്ടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഡി) വിവിധ വകുപ്പുകളിലൂടെ നടപ്പാക്കിവരുന്ന വികസന പരിപടികളിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) വനിതകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) ഉണ്ട്. 17-2-2009-ലെ സ.ഉ.(എംഎസ്.) നമ്പർ 13/2009/സാ.ക്ഷേ.വ. പ്രകാരം വനിതാ നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വനിതാ നയത്തിൽ സ്ത്രീകൾക്ക് ലിംഗ പദവി സമത്വം ഉറപ്പാക്കുന്നതിനാവശ്യമായവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, സാംസ്കാരികം തുടങ്ങി എല്ലാ മേഖലകളിലും സ്പർശിക്കുന്ന നയമാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) വനിതാ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി വനിതാ നയത്തിന്റെ ഒരു ലക്ഷം കോപ്പികൾ അച്ചടിച്ച് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർവഴി വിതരണം ചെയ്യുകയുണ്ടായി. വനിത നയത്തിലെ കർമ്മ പരിപാടികൾ നടപ്പിലാക്കേണ്ട വിവിധ വകുപ്പുകൾ ചെയ്യേണ്ട കാര്യങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായത്തിനായി അയച്ചിട്ടുണ്ട്. കൂടാതെ ജെൻഡർ ബഡ്ജറ്റിംഗും ഓഡിറ്റിംഗും വഴി വനിതകൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി സാമൂഹ്യക്ഷേമ വകുപ്പ് ഗാർഹികാതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005 നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉണ്ടായതിനാൽ 3 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. കൂടാതെ 31 പ്രൊബേഷൻ ഓഫീസർമാർക്ക് പ്രൊട്ടക്ഷൻ ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്.

തുല്യലിംഗപദവിയുള്ള സമൂഹം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളിൽ സ്ത്രീകൾക്ക് 50% സീറ്റ് സംവരണം ചെയ്യുകയുണ്ടായി. ദൃശ്യമാധ്യമങ്ങളിലൂടെ ജെൻഡർ അവബോധം സമൂഹത്തിൽ വളർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സ്ത്രീകളെ അവരുടെ അവകാശങ്ങളെപ്പറ്റി ബോധവതികളാക്കാൻ സെമിനാറുകൾ, നിയമ ബോധന ക്ലാസുകൾ, ഹ്രസ്വചിത്രങ്ങളുടെ പ്രദർശനം, സ്ത്രീകൾ അറിയേണ്ട നിയമങ്ങളെക്കുറിച്ചുള്ള ബുക്ക്ലെറ്റുകളുടെ വിതരണം എന്നിവ കേരള വനിതാ കമ്മീഷൻ മുഖേന നടത്തുന്നു. കൂടാതെ അതിക്രമങ്ങൾക്ക് സ്ത്രീകൾ ഇരയാകാതിരിക്കാനുള്ള മാർഗ്ഗങ്ങൾ സ്ത്രീകളെ ബോധ്യപ്പെടുത്തുകയും കോളേജിൽ പഠിക്കുന്ന പെൺകുട്ടികളെ അതിക്രമങ്ങളുടെ ആഘാതത്തെപ്പറ്റിയും ഭവിഷ്യത്തുകളെപ്പറ്റിയും പറഞ്ഞു മനസ്സിലാക്കുകയും വിവാഹപൂർവ്വ കൗൺസിലിംഗും, ദമ്പതികൾക്ക് കൗൺസിലിംഗും നൽകുകയും ചെയ്യുന്നുണ്ട്.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന ജെൻഡർ അവയർനെസ്സിന്റെ ഭാഗമായി കേരളത്തിലുള്ള വിവിധ പ്രൊഫഷണൽ വനിതാ കോളേജുകളേയും വനിതാ സംഘാടകരേയും ഉൾപ്പെടുത്തി വനിതകളുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണ സെമിനാറുകൾ നടത്തിയിട്ടുണ്ട്. "Know your rights" എന്ന പേരിൽ ഒരു ഇൻഫർമേഷൻ ഗൈഡ് 40 വനിതാ കോളേജുകളിൽ നൽകിവരുന്നുണ്ട്.

(ഡി) ഉണ്ട്. വിവിധ വകുപ്പുകളിലൂടെ നടപ്പാക്കിവരുന്ന വികസന പരിപാടികളിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന ലഭിക്കുന്നുണ്ടോ എന്ന് ജെൻഡർ ബഡ്ജറ്റിംഗിലൂടെയും ജെൻഡർ ഓഡിറ്റിംഗിലൂടെയും ഉറപ്പുവരുത്തുന്ന ചുമതല ജെൻഡർ അഡ്വൈസർക്ക് നൽകിയിട്ടുണ്ട്.

(ഇ) വനിതകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2007-08 സാമ്പത്തിക വർഷം മുതൽ വനിതകൾക്കുള്ള ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പിലാക്കിവരുന്നു. വനിതകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ കൈമനത്ത് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന ഫിനിഷിംഗ് സ്കൂൾ പ്രവർത്തിച്ചുവരുന്നു. നിശ്ചിത യോഗ്യത നേടിയ പെൺകുട്ടികൾക്ക് വിവിധ മേഖലകളിൽ ഫിനിഷിംഗ് സ്കൂൾ പരിശീലനം നൽകി 100% തൊഴിലുറപ്പ് നൽകിവരുന്നു. ഇത് കൂടാതെ കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ ഒരു ഫിനിഷിംഗ് സ്കൂൾ കൂടി ആരംഭിക്കുന്നതിന് നടപടികൾ പൂർത്തിയാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly